# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 330

19-02-2013 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിൽ വയർലെസ് സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; | എ) | എക്സൈസ് വകുപ്പിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി, നടപ്പ് സാമ്പത്തിക വർഷം, 57 ലക്ഷം രൂപ അടങ്കലിൽ ടി പ്രവർത്തി നടപ്പിലാക്കുന്നതിനായി, 30-05-2012 ലെ നം.396/2012/നി.വ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു. |
| ബി) എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുവാൻ സംസ്ഥാനത്തെ മുഴുവൻ എക്സൈസ് - റെയ്ഞ്ച് - സർക്കിൾ ആഫീസുകൾ വയർലെസ് സംവിധാനം വഴി ബന്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | ബി) | എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുത്തുവാൻ, സംസ്ഥാനത്തെ മുഴുവൻ എക്സൈസ് - റെയ്ഞ്ച്-സർക്കിൾ ആഫീസുകൾ വയർലെസ് സംവിധാനം വഴി ബന്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി, ആദ്യഘട്ടമെന്ന നിലയിൽ, തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ആറു ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ, വയർലെസ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. |
| സി) വയർലെസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | സി) | എക്സൈസ് വകുപ്പിൽ വയർലെസ് സംവിധാനം നടപ്പിൽ വരുത്തുന്നതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 57 ലക്ഷം രൂപ അടങ്കലിൽ ടി പ്രവർത്തി നടപ്പിലാക്കുന്നതിനായി, 30-05-2012 ലെ നം.396/2012/നി.വ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>വയർലെസ് സംവിധാനത്തിനാവശ്യമായ ഹാൻഡ് സെറ്റുകൾ, ബേസ്സ്റ്റേഷൻ സെറ്റുകൾ, മൊബൈൽ സെറ്റുകൾ (വെഹിക്കിൾ സെറ്റുകൾ) റിപ്പീറ്റർ സ്റ്റേഷൻ മുതലായവ സംബന്ധിച്ച് പഠനം നടത്തി, റിപ്പോർട്ട് നൽകുന്നതിലേയ്ക്കായി, അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) നോഡൽ ആഫീസർ ആയി സ്പെസിഫിക്കേഷൻ കമ്മിറ്റി രൂപീകരിക്കുകയും, വയർലെസ് സംവിധാനത്തിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ, 2 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, ഒരു അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ |

(മറുപുറം)

എന്നിവരെ, എക്സൈസ് കമ്മീഷണറുടെ, 15-09-2012 ലെ എക്സ്.ജി.1.എ-13581/11 നമ്പർ ഉത്തരവ് പ്രകാരം ചുമതല പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, എക്സൈസ് കമ്മീഷണ റുടെ, 15-09-2012 ലെ XGIA-13581/11(A) ഉത്തരവ് പ്രകാരം, അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോ ഴ്സ്മെന്റ്) ചെയർമാനായും, ഡി.വൈ.എസ്.പി. ടെലികമ്മ്യൂ ണിക്കേഷൻ വിംഗ്, കേരള പോലീസ്, അസോസിയേറ്റ് പ്രൊഫ സർ, എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം, അസി സ്റ്റന്റ് പ്രൊഫസർ, എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപു രം, എന്നിവർ അംഗങ്ങളുമായി ടെക്നിക്കൽ കമ്മിറ്റി രൂപീകരി ക്കുകയും ചെയ്തു. 05-12-2012 ലെ XJ3-3271/12 നമ്പർ കത്തു പ്രകാരം, അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻ ഫോഴ്സ്മെന്റ്), ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പി ക്കുകയുണ്ടായി. തുടർന്ന് ടെൻഡർ നടപടിക്രമങ്ങൾ ആരംഭി ക്കുകയും ചെയ്തു. ടെൻഡർ നടപടികൾ പൂർത്തീകരിക്കാനാ വശ്യമായ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

ഡി) പ്രസ്തുത നടപടികൾ ത്വരിതപ്പെടു ത്തുവാൻ വകുപ്പിൽ പ്രത്യേക വിഭാഗം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഡി) എക്സൈസ് വകുപ്പിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തു ന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനായി, അഡീഷണൽ എക്സൈസ് കമ്മീഷണറെ (എൻഫോഴ്സ്മെന്റ്) നോഡൽ ആഫീസർ ആയി നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ